**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4653** **29-10-2021 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പല ഗ്രാമപഞ്ചായത്തുകളിലും ഇപ്പോഴും ശുദ്ധജല വിതരണം പര്യാപ്തമായ രീതിയിൽ നടത്താൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പല ഗ്രാമ പഞ്ചായത്തുകളിലും പര്യാപ്തമായ രീതിയിൽ നിലവിൽ കുടിവെള്ള വിതരണം സാധിക്കുന്നില്ല. ഇതിനൊരു പരിഹാരം എന്ന നിലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയായ ജല ജീവൻ മിഷൻ വഴി എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024ഓടെ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടന്നു വരുന്നു. എല്ലാ ഗ്രാമീണഭവനങ്ങളിലും കുടിവെള്ളം എത്തിക്കാനായി നിലവിൽ പദ്ധതികളുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം വിപുലീകരണം നടത്തിയും, പദ്ധതികളില്ലാത്ത സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കിയും ശുദ്ധജല വിതരണം ഉറപ്പു വരുത്തുവാനാണ് ജല ജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | ജലജീവൻ മിഷനിൽ ഈ സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുള്ള പദ്ധതികൾ എത്രയെന്ന് വിശദമാക്കാമോ? | (ബി) | ജലജീവൻ മിഷനിൽ ഈ സാമ്പത്തിക വർഷം 162 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നമ്പർ | ജില്ല | സ്കീമുകളുടെ എണ്ണം | പഞ്ചായത്തുകളുടെ എണ്ണം | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | തുക(കോടി ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 28 | 37 | 155063 | 904.05 |
| 2 | കൊല്ലം | 6 | 13 | 83504 | 573.19 |
| 3 | പത്തനംതിട്ട | 20 | 25 | 98609 | 825.8 |
| 4 | കോട്ടയം | 7 | 9 | 57383 | 468.84 |
| 5 | ആലപ്പുഴ | 2 | 10 | 40499 | 68.8 |
| 6 | ഇടുക്കി | 5 | 9 | 25786 | 256.8 |
| 7 | എറണാകുളം | 15 | 25 | 58791 | 500.79 |
| 8 | തൃശ്ശൂർ | 4 | 6 | 13478 | 75.96 |
| 9 | പാലക്കാട് | 15 | 18 | 51345 | 356.4 |
| 10 | മലപ്പുറം | 16 | 36 | 249094 | 2217.36 |
| 11 | കോഴിക്കോട് | 15 | 46 | 273502 | 2738.98 |
| 12 | വയനാട് | 8 | 16 | 83355 | 841.38 |
| 13 | കണ്ണൂർ | 12 | 24 | 97551 | 885.82 |
| 14 | കാസർഗോഡ് | 9 | 22 | 111580 | 835.96 |
| | ആകെ | **162** | **296** | **1399540** | **11550.16** |

സെക്ഷൻ ഓഫീസർ